# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 621 29.06.2015-ൽ മറുപടിയ്ക്ക്

## മാതൃകാ പട്ടികവർഗ്ഗ കോളനി

**ചോദ്യം**
**ശ്രീ.കെ.രാജു**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികളെ മാതൃകാ കോളനികളാക്കി മാറ്റുന്നതിനുള്ള പദ്ധതി ഉണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട് . ഭൂരഹിതരായ പട്ടിക വർഗ്ഗക്കാരുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പാക്കിയ ഒരു പദ്ധതിയാണ് മോഡൽ കോളനിവികസനം പദ്ധതി. സംസ്ഥാനത്തെ അഞ്ച് കോളനികളെയാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്.<br>കൊല്ലം ജില്ലയിലെ കരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കാരാപ്പുഴ, വാകേരി, കഞ്ഞോം എന്നിവയാണ് ഈ അഞ്ച് കോളനികൾ |
| ബി) | കൊല്ലം ജില്ലയിൽ ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികൾ ഉണ്ടോ; എങ്കിൽ ആയവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ; | ബി) | ഉണ്ട്.<br>കൊല്ലം ജില്ലയിൽ ഇപ്രകാരം തിരഞ്ഞെടുത്ത കോളനിയാണ് കരിയോട്ടുമല . |
| സി) | ഓരോ കോളനിയിലും പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | സി) | ഓരോ കോളനിയിലും 25 വീടുകൾ വീതം 125 വീടുകൾ നിർമ്മിയ്ക്കാനാണ് ആദ്യഘട്ട പ്രവർത്തനം ആരംഭിച്ചത്.ഇതിനെതുടർന്ന് ടി കോളനികളിൽ ആവശ്യമായ റോഡ് പാലം എന്നിവ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക, വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിയ്ക്കുക, ആരോഗ്യ വിദ്യാഭ്യാസ കാര്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം |

Harishkuya

സെക്ഷൻ ഓഫീസർ